"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇംപാക്ട് കേരള ലിമിറ്റഡ് - തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശ്രീ സന്ദീപ് കെ.ജി-യെ ഇംപാക്ട് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ അംഗമായി ഉൾപ്പെടുത്തി ബോർഡ് പുനസംഘടിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1928/2023/LSGD തീയതി,തിരുവനന്തപുരം, 30-09-2023

---

പരാമർശം:-

1. സ.ഉ(സാധാ) നം. 473/2021/തസ്വഭവ തീയതി 17/02/2021
2. സ.ഉ(സാധാ) നം. 790/2023/തസ്വഭവ തീയതി 31/03/2023
3. ഇംപാക്ട് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 22/08/2023-ലെ ഇംപാക്ട്/106/2023-അക്കൗണ്ട്സ് നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് മുൻ ചീഫ് എഞ്ചിനീയർ ശ്രീ. ജോൺസൺ കെ-യെ ഇംപാക്ട് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ അംഗമായി ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറായി നിയമിക്കപ്പെട്ട ശ്രീ സന്ദീപ് കെ.ജി.-യെ ഇംപാക്ട് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ അംഗമായി ഉൾപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം ഇംപാക്ട് കേരള ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറായി നിയമിക്കപ്പെട്ട ശ്രീ സന്ദീപ് കെ.ജി.-യെ ഇംപാക്ട് കേരള ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ അംഗമായി ഉൾപ്പെടുത്തി ബോർഡ് പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം
ഇംപാക്ട് കേരള ലിമിറ്റഡിലെ ബോർഡ് മെമ്പർമാർക്ക് ( മാനേജിംഗ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യവകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 30-09-2023 10:27:25

സെക്ഷൻ ഓഫീസർ